**പതിനാലാം കേരള നിയമസഭ**
**9-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.34** **23.01.2018-ൽ മറുപടിയ്ക്ക്**

**മെഡിക്കൽ മാലിന്യ സംസ്കരണ ശാല**

ചോദ്യം
ശ്രീ. വി.ടി.ബൽറാം :
ശ്രീ. കെ.എസ്.ശബരീനാഥൻ
ശ്രീ. കെ.മുരളീധരൻ
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

മറുപടി
**പിണറായി വിജയൻ**
(മുഖ്യമന്ത്രി)

(എ) ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ പാലക്കാട് പ്രവർത്തിക്കുന്ന മെഡിക്കൽ മാലിന്യ സംസ്കരണ ശാല പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(എ) ഉണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പാലക്കാട് ജില്ലാ ഓഫീസ്, കോഴിക്കോട് മേഖലാ ഓഫീസ്, കേന്ദ്ര ഓഫീസ് എന്നിവിടങ്ങളിൽ നിന്നും ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പാലക്കാടുള്ള മെഡിക്കൽ മാലിന്യ സംസ്കരണ ശാലയിൽ പരിശോധന നടത്തി വരുന്നു. പരിശോധനയിൽ ടി സ്ഥാപനത്തിൽ കാണുന്ന വീഴ്ചകൾക്ക് അപ്പപ്പോൾ നിർദ്ദേശം നൽകി വരുന്നുണ്ട്. കൂടാതെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ പ്രസ്തുത വിഷയത്തിൽ ഹിയറിംഗ് നടത്തുകയും ടി യൂണിറ്റിൽ പരമാവധി സംസ്കരിക്കാവുന്ന ബയോമെഡിക്കൽ മാലിന്യത്തിന്റെ

| | | | |
|---|---|---|---|
| | | | അളവ് നിജപ്പെടുത്തി നൽകുകയും ആയത് മാത്രമേ സംസ്കരിക്കാവൂ എന്ന കർശന നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ടി സ്ഥാപനം അധിക മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തി, സംസ്കരണശേഷി വർദ്ധിപ്പിച്ചതിനെ തുടർന്ന് 30.06.2018 വരെ സാധുതയുള്ള പ്രവർത്തനാനുമതി പുതുക്കി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്ലാന്റ് അഗസ്ത്യവനം ബയോസ്ഫിയർ റിസർവ്വിലെ വന്യമൃഗ സങ്കേതവും ജൈവ വൈവിധ്യ പ്രദേശവുമായ പെരിങ്ങമ്മല ഇലവുപാലം മേഖലയിലേക്ക് മാറ്റി സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി), (സി) & (ഡി) | ഇല്ല. പാലക്കാട് ജില്ലയിൽ സ്ഥിതിചെയ്യുന്ന മെഡിക്കൽ മാലിന്യ സംസ്കരണശാലയ്ക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 30.06.2018 വരെ സാധുതയുള്ള പ്രവർത്തനാനുമതി പുതുക്കി നൽകിയിട്ടുണ്ട്. തെക്കൻ ജില്ലയിലെ മാലിന്യം സംസ്കരിക്കുന്നതിനായി പുതിയൊരു പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള അനുമതിയ്ക്കായി IMA അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | മെഡിക്കൽ മാലിന്യ സംസ്കരണശാലയ്ക്ക് സർക്കാരിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും അനുമതി ലഭിച്ചിട്ടുണ്ടോ; | | |
| (ഡി) | പശ്ചിമഘട്ടത്തിലെ ജൈവ വൈവിധ്യ മേഖലയിലേക്ക് മാലിന്യ പ്ലാന്റ് മാറ്റി സ്ഥാപിക്കുന്നതിനെതിരെയുള്ള ജനരോഷം കണക്കിലെടുത്ത് ഇക്കാര്യം പുനപരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ